# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63 — 03.12.2014 -ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>,, കൊടിയേരി ബാലകൃഷ്ണൻ :<br>,, എം. ഹംസ :<br>,, വി. ചെന്താമരാക്ഷൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എന്തൊക്കെ വീഴ്ചകൾ കൊണ്ടാണ് അട്ടപ്പാടിയിൽ ശിശുമരണം ആവർത്തിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ ; | (എ) വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. അട്ടപ്പാടിയിലെ ശിശുമരണങ്ങളും അവയുടെ കാരണങ്ങളും ആരോഗ്യവകുപ്പ് അപ്പപ്പോൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. 2013 ജനുവരി മാസം മുതൽ നവംബർ വരെ നടന്ന 530 ആദിവാസി പ്രസവങ്ങളിൽ 31 ശിശുമരണങ്ങളും, 2014 ജനുവരി മുതൽ നവംബർ വരെ നടന്ന 535 ആദിവാസി പ്രസവങ്ങളിൽ 13 ശിശുമരണങ്ങളുമാണുണ്ടായത്. ഈ മരണ സംഖ്യ കുറയ്ക്കാൻ കഴിഞ്ഞത് സർക്കാർ കൈകൊണ്ട വിവിധ നടപടികളുടെ ഫലമായാണ്. പരമാവധി മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തിരമായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ ? | (ബി) ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകരുടെയും മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുടെയും അവലോകന യോഗം നടത്തുകയും അവിടത്തെ സാഹചര്യങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗർഭിണികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ദേശീയ ആരോഗ്യ ദൗത്യം മുഖേന സപ്ലിമെന്ററി പി.ഐ.പി. യിൽ ഉൾപ്പെടുത്തി അനുവാദത്തിന് സമർപ്പിച്ചു. അനുമതി ലഭിക്കുന്ന മുറയ്ക്ക് എൻ.ആർ.സി. യുടെ പുതിയ കെട്ടിടം ഷോളയൂരിൽ നിർമ്മിക്കുന്നതാണ്. മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം സംഭവങ്ങൾ |

(.....2)

ആവർത്തിക്കാതിരിക്കാൻ അട്ടപ്പാടി മേഖലയിൽ താഴെപ്പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 43 ഡോക്ടർമാരുൾപ്പെടെ 75 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി.
2. 3000 പേർക്ക് ഒരു സബ്സെന്റർ എന്ന കണക്കിൽ ഈ മേഖലയിൽ 28 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.
3. ഈ ഉപകേന്ദ്രങ്ങളിൽ ഓരോ അഡീഷണൽ ജെ.പി.എച്ച്.എൻ മാരെ നിയമിച്ചു.
4. ഗുരുതര പോഷണക്കുറവുള്ള കുഞ്ഞുങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അഗളി സി.എച്ച്.സി. യിലും പുതൂർ, ഷോളയൂർ പി.എച്ച്.സി. കളിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. ഇതിന്റെ ഫലമായി 2013 ൽ 299 ഗുരുതര പോഷകക്കുറവുള്ള കുഞ്ഞുങ്ങളുടെ എണ്ണം ഇപ്പോൾ 64 ആയി കുറയ്ക്കാൻ കഴിഞ്ഞു.
5. കോട്ടത്തറയിൽ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ലാബ് സൗകര്യങ്ങൾ, ഓപ്പറേഷൻ തീയേറ്റർ സൗകര്യം, കുടിവെള്ള പദ്ധതി, ഡോക്ടർമാരുടെ ക്വാർട്ടേഴ്സുകൾ , ഇ.സി.ജി. സൗകര്യം എന്നിവ ഏർപ്പെടുത്തി.
6. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജി, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഡെന്റൽ സർജറി തുടങ്ങിയ സ്പെഷ്യാലിറ്റികളിലായി 20 ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഐ.എം.എ. യുടെ സഹകരണത്തോടെ ഒരു അൾട്രാ സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കി.
7. അഗളി സി.എച്ച്.സി. യിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് ആരംഭിച്ചു.
8. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും, അഗളി സി.എച്ച്.സി. യിലും മാത്രമായിരുന്ന ഐ.പി. സൗകര്യം പുതൂർ പി.എച്ച്.സി. യിലും ആരംഭിച്ചിട്ടുണ്ട്. ഈ മൂന്ന് ആശുപത്രികളിലും 24 മണിക്കൂറും സേവനം ലഭ്യമാണ്.

(....,3)

9. അട്ടപ്പാടി മേഖലയിലെ 28 സബ്സെന്ററുകൾ റിപ്പയർ ചെയ്ത് താമസയോഗ്യമാക്കാൻ നടപടി സ്വീകരിച്ചു. ഇവയിൽ പതിനഞ്ചെണ്ണം പണി പൂർത്തിയായി.
10. ആശാ അംഗൻവാടി പ്രവർത്തകരെ ഏകോപിപ്പിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്കിൽഡ് സ്റ്റാഫ് എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകി. ഡോക്ടർമാർക്കും നഴ്സുമാർക്കും കേന്ദ്രസർക്കാർ അംഗീകൃത ട്രെയിനിംഗ് സെന്ററായ മദ്രാസ് മെഡിക്കൽ കോളേജിൽ വിദഗ്ദ്ധ പരിശീലനം നൽകി.
11. അട്ടപ്പാടി മേഖലയിൽ രണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ നിലവിലുണ്ടായിരുന്നു. പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ വാഹന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂടുതലായി മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി ആരംഭിച്ചു.
12. ദീർഘകാലം അട്ടപ്പാടി മേഖലയിൽ പ്രവർത്തന പരിചയമുള്ള പാലക്കാട് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അവിടെ ലഭ്യമാക്കി.
13. 2.67 കോടി രൂപയുടെ പുതിയ പദ്ധതികൾക്ക കൂടി കേന്ദ്ര അനുമതി തേടി.
14. അട്ടപ്പാടി മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനും എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചു.
15. ഗുരുതരമായ പോഷകക്കുറവുള്ള മുലയൂട്ടുന്ന അമ്മമാരെയും, ഗർഭിണികളെയും കൂടെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററിൽ (എൻ.ആർ.സി) താമസിപ്പിച്ച് ആവശ്യമായ പരിരക്ഷ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ